(ബി) സ്വകാര്യ വിനോദ സഞ്ചാര മേഖലയിൽ കേരളത്തിന്റെ തനതായ സംസ്ക്കാരവും ഗുണനിലവാരവും നിലനിർത്തുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ; ഇക്കാര്യത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ടൂറിസം വികസനത്തിൽ സ്വകാര്യമേഖലയെ ആകർഷിക്കുന്നതിനായി താഴെ പറയുന്ന പ്രോത്സാഹനങ്ങളും സൗകര്യങ്ങളുമാണ് സർക്കാർ നൽകിവരുന്നത് :

1. അംഗീകൃത യൂണിറ്റുകൾക്ക് മൂലധന നിക്ഷേപത്തിന്റെ 10 ശതമാനം (പരമാവധി 10 ലക്ഷം രൂപ) നിക്ഷേപ സബ്സിഡി.
2. മലിനീകരണ നിയന്ത്രണ സംവിധാനങ്ങൾക്കും സൗകര്യങ്ങൾക്കും നിക്ഷേപത്തിന്റെ 15 ശതമാനം (പരമാവധി 5 ലക്ഷം രൂപ) അധിക സബ്സിഡി.
3. 50 കോടിയിൽപരം മൂലധന നിക്ഷേപമുള്ള പദ്ധതികൾക്ക് പ്രത്യേക ഇൻസെന്റീവുകൾ.
4. ടൂറിസത്തിലും അടിസ്ഥാന സൗകര്യ വികസനത്തിലുമുള്ള വിദേശ നിക്ഷേപത്തിന് പ്രത്യേക ഇൻസെന്റീവുകൾ.
5. അംഗീകൃത യൂണിറ്റുകൾക്ക് വൈദ്യുതി നിരക്കിൽ ഇളവ്.
6. പ്രോജക്ടുകൾ തയ്യാറാക്കുന്നതിനുള്ള മാർഗ്ഗ നിർദ്ദേശം നൽകൽ.
7. ബാങ്കുകളിൽ നിന്നും മറ്റു ധനകാര്യ സ്ഥാപനങ്ങളിൽ നിന്നും വായ്പകൾ ലഭ്യമാക്കൽ.
8. പ്രചരണത്തിനും വിപണനത്തിനും സഹായിക്കൽ.
9. നിക്ഷേപത്തിന് ഉദ്ദേശിക്കുന്ന സ്ഥലങ്ങളിൽ ആവശ്യമെങ്കിൽ ഭൂമി ലഭ്യമാക്കുന്നതിന് സഹായിക്കൽ.
10. വ്യവസായ വകുപ്പുമായി ചേർന്ന് ലൈസൻസുകളും മറ്റ് സർട്ടിഫിക്കറ്റുകളും എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള ഏകജാലക സമ്പ്രദായം

(ബി) സ്വകാര്യ വിനോദ സഞ്ചാര മേഖലയിൽ കേരളത്തിന്റെ സാംസ്കാരിക പൈതൃകവും പരിസ്ഥിതിയും സംരക്ഷിക്കുന്നതിനും ഇവിടത്തെ വിവരങ്ങൾ പരമാവധി പ്രയോജനപ്പെടുത്തി ഉല്പാദനവും വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കുന്നതിനുമായി ഒരു വിശദമായ രേഖ 'ടൂറിസം വിഷൻ 2025' എന്ന പേരിൽ പുറപ്പെടുവിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് എത്തിച്ചേരുന്ന വിനോദസഞ്ചാരികളുടെ എണ്ണം

63 [741] ശ്രീ. കെ. പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് എത്തിച്ചേരുന്ന വിദേശ വിനോദ സഞ്ചാരികളുടെയും കേരളത്തിന് വെളിയിൽ നിന്നുള്ള ഇൻഡ്യൻ വിനോദ സഞ്ചാരികളുടെയും എണ്ണം വർദ്ധിച്ചുവരുന്നുണ്ടോ ; കഴിഞ്ഞ ഓരോ വർഷവും സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം വെളിപ്പെടുത്തുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) കേരളത്തിലെത്തുന്ന വിനോദ സഞ്ചാരികളുടെ താൽപ്പര്യങ്ങൾ അവർ കാണാൻ ആഗ്രഹിക്കുന്ന സ്ഥലങ്ങൾ, കലകൾ തുടങ്ങിയവയെ സംബന്ധിച്ച് ടൂറിസം വകുപ്പ് വേണ്ടത്ര പഠനം നടത്തിയിട്ടുണ്ടോ ; ഇത് സംബന്ധിച്ച വിശദാംശം വ്യക്തമാക്കാമോ ;

(സി) ആയൂർവേദ ടൂറിസത്തിന്റെ മറവിൽ ധാരാളം തട്ടിപ്പുകൾ അരങ്ങേറുന്നത് കണക്കിലെടുത്തും ടൂറിസ്റ്റുകളുടെ ആയൂർവേദത്തിലുള്ള താൽപ്പര്യം പരിഗണിച്ചും ഈ മേഖല വികസിപ്പിക്കുന്നതിന് ടൂറിസം വകുപ്പ് എന്തെങ്കിലും പദ്ധതികൾ ആവിഷ്ക്കരിച്ചിട്ടുണ്ടോ ;

(ഡി) ടൂറിസത്തിന് ഉള്ള പ്രാധാന്യം കണക്കിലെടുത്ത് ആഭ്യന്തര വരുമാനവും തൊഴിലവസരങ്ങളും വർദ്ധിപ്പിക്കാൻ കഴിയുന്നുണ്ടോ എന്ന് വിശദമാക്കുമോ ?

ഉത്തരം

(എ) സംസ്ഥാനത്ത് വിനോദ സഞ്ചാരികളുടെ എണ്ണം ഓരോ വർഷവും വർദ്ധിച്ചുവരുന്നുണ്ട്. കഴിഞ്ഞ 5 വർഷം സംസ്ഥാനം സന്ദർശിച്ച വിനോദ സഞ്ചാരികളുടെ എണ്ണം ചുവടെ ചേർക്കുന്നു :

വർഷം	വിദേശ വിനോദ സഞ്ചാരികൾ	മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ്	ആഭ്യന്തര സഞ്ചാരികൾ	മുൻവർഷത്തെ അപേക്ഷിച്ചുള്ള വർദ്ധനവ്
2000	209,933	3.80	5013221	2.55
2001	208,830	-0.53	5239692	4.52
2002	232,564	11.37	5568256	6.27
2003	294,621	26.68	5871228	5.44
2004	345,546	17.28	5972182	1.72

(ബി) നടത്തിയിട്ടുണ്ട്. കേരളം സന്ദർശിക്കുന്ന വിനോദ സഞ്ചാരികളിൽ ഭൂരിഭാഗം പേരും കേരളത്തിന്റെ പ്രകൃതി മനോഹാരിതയിൽ ആകൃഷ്ടരായാണ് വരുന്നത്. കേരളത്തിലെ ബീച്ചുകൾ, കായലുകൾ, വന്യമൃഗസങ്കേതങ്ങൾ ഇവയാണ് ഇവരുടെ പ്രധാന ആകർഷണങ്ങൾ. കലകൾ, ആയുർവേദം എന്നിവയാണ് മറ്റുള്ള രണ്ട് പ്രധാന ആകർഷണങ്ങൾ. ഏറ്റവും കൂടുതൽ വിദേശ വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന സ്ഥലങ്ങളിൽ എറണാകുളം, തിരുവനന്തപുരം, ഇടുക്കി, ആലപ്പുഴ ജില്ലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നീ സ്ഥാനങ്ങളിൽ നിൽക്കുന്നു. ഏറ്റവും കൂടുതൽ ആഭ്യന്തര വിനോദ സഞ്ചാരികൾ സന്ദർശിക്കുന്ന സ്ഥലങ്ങളിൽ തൃശ്ശൂർ, എറണാകുളം, തിരുവനന്തപുരം, കോഴിക്കോട് എന്നീ ജില്ലകൾ യഥാക്രമം ഒന്ന്, രണ്ട്, മൂന്ന്, നാല് എന്നീ സ്ഥാനങ്ങളിൽ നിൽക്കുന്നു.

(സി) ആയുർവേദ സെന്ററുകൾക്ക് നിർദ്ദിഷ്ട യോഗ്യതയുടെ അടിസ്ഥാനത്തിൽ അംഗീകാരം നൽകുന്ന ഒരു പദ്ധതി ടൂറിസം വകുപ്പിൽ നിലവിലുണ്ട്. കൂടാതെ ആയുർവേദ ആരോഗ്യ കേന്ദ്രങ്ങളുടെ പ്രവർത്തനങ്ങൾ നിയന്ത്രിക്കുന്നതിന് പുതിയ മാർഗ്ഗ നിർദ്ദേശങ്ങൾ അടങ്ങിയ കേരള ആയുർവേദ ആരോഗ്യ കേന്ദ്രങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

(ലൈസൻസ് നൽകലും നിയന്ത്രിക്കലും) ഓർഡിനൻസ് (2006-ലെ 2-ാം നമ്പർ ഓർഡിനൻസ്) ആരോഗ്യ വകുപ്പ് പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കഴിയുന്നുണ്ട്. ടൂറിസത്തിൽ നിന്ന് കേരളത്തിന് ലഭിച്ച വരുമാനത്തിന്റെ കഴിഞ്ഞ നാല് വർഷത്തെ കണക്കുകൾ ചുവടെ ചേർക്കുന്നു :

വർഷം	വരുമാനം (കോടിയിൽ)	വർദ്ധനവ്
2001	4500	12.5
2002	4931	9.58
2003	5938	20.42
2004	6829	15.01

ടൂറിസം മുഖാന്തിരം ലഭിക്കുന്ന തൊഴിലവസരങ്ങൾ ഓരോ വർഷവും വർദ്ധിച്ചു വരുന്നതായി കണക്കാക്കപ്പെടുന്നു. വേൾഡ് ട്രാവൽ & ടൂറിസം കൗൺസിലിന്റെ പഠന പ്രകാരം 2005-ൽ 788600 തൊഴിലവസരങ്ങൾ ആ മേഖലയിൽ സൃഷ്ടിക്കപ്പെട്ടതായി കണക്കാക്കപ്പെട്ടിട്ടുണ്ട്. 2013 ആകുമ്പോഴേക്കും 22 ലക്ഷമായി ഇത് വർദ്ധിക്കുമെന്നും അവരുടെ കണക്കുകൾ സൂചിപ്പിക്കുന്നു.

കേരളം പങ്കെടുത്തിട്ടുള്ള അന്താരാഷ്ട്ര ടൂറിസം ഫെയറുകൾ

64 [742] ശ്രീ. തമ്പാനൂർ രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കഴിഞ്ഞ രണ്ട് വർഷമായി കേരള ടൂറിസം പങ്കെടുത്തിട്ടുള്ള അന്താരാഷ്ട്ര ടൂറിസം ഫെയറുകളുടെ എണ്ണം എത്രയാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ അന്താരാഷ്ട്ര ടൂറിസം ഫെയറുകൾ ഏതൊക്കെയാണ് ;

(സി) ഈ ടൂറിസം ഫെയറുകൾ വഴി എത്ര മാത്രം വിദേശ ടൂറിസ്റ്റുകളെ കേരളത്തിലേക്ക് കൊണ്ടുവരാൻ സാധിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ ;

(ഡി) അടുത്ത വർഷം ഏതെല്ലാം അന്താരാഷ്ട്ര ടൂറിസം ഫെയറുകളിലാണ് കേരളം പങ്കെടുക്കാൻ ഉദ്ദേശിക്കുന്നത് ?

ഉത്തരം

(എ) 19.

(ബി) ലിസ്റ്റ് അനുബന്ധമായി ചേർത്തിരിക്കുന്നു. †

(സി) ഇതുവഴി കേരളത്തിലേക്കുള്ള വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുണ്ട്. 2000-ൽ 209933 വിദേശ ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ച സ്ഥാനത്ത് 2004-ൽ 345546 ടൂറിസ്റ്റുകൾ കേരളം സന്ദർശിച്ചിട്ടുണ്ട്. ഈ വർദ്ധന അന്താരാഷ്ട്ര ഫെയറുകളിൽ കേരളം പങ്കെടുത്തതുകൊണ്ടുണ്ടായതാണ്.

† അനുബന്ധം IV

LIBRARY ARCHIVES Kerala Legislative Assembly